## തീരദേശ നിയന്ത്രണങ്ങൾ

ഭൂമുഖത്തിന്റെ 71 ശതമാനത്തോളം വെള്ളമാണ്. ജല സമ്പത്തിന്റെ 98 ശതമാനവും ഉപ്പ് കലർന്ന ഓരു വെള്ളവും ബാക്കി ശുദ്ധജലവുമാണ്. ഹരിത സമ്പന്നവും ഉൽപാദനക്ഷമതയുമുള്ള ജല സ്രോതസ്സുകളിലൊക്കെ എണ്ണമറ്റതരം സസ്യ–ജന്തു ജാലങ്ങൾ വസിക്കുന്നതായി കാണാം. ആവാസവ്യവസ്ഥയിലെ സചേതന സാന്നിദ്ധ്യമായ സമുദ്രം, നദീമുഖം, പൊഴി, തോട്, തടാകം, പുഴ എന്നിവയൊക്കെ പ്രകൃതിയിലെ മത്സ്യക്കലവറകളാണ്. പ്രകൃത്യായുള്ള ജലാശയങ്ങളിൽ ഉദ്ദേശം 10 – 50 ദശലക്ഷം വരെ ജീവികൾ ഏറ്റക്കുറച്ചിലോടെ നില കൊള്ളുന്നതായി അനുമാനിക്കപ്പെടുന്നു.

ഏക കോശ ജീവിയായ 'ഡയാറ്റം' മുതൽ ഏറ്റവും വലിയ ജീവിയായ നീല തിമിംഗലം വരെ കടൽ ഉൾക്കൊള്ളുന്നുണ്ട്. സ്വച്ഛമായ പരിസ്ഥിതി നിലനിർത്താനും കാലാവസ്ഥാ വ്യതിയാനം ഒഴിവാക്കാനും ഉചിതമായ നിയന്ത്രണങ്ങളും നിരോധനങ്ങളും പാലിച്ചേ തീരൂ.

## കണ്ടൽക്കാടുകൾ

ജൈവവൈവിധ്യത്തിന്റെ കലവറകളും, പരിസ്ഥിതിക്കും മനുഷ്യനും നിരവധി സേവനങ്ങൾ നൽകുന്ന ആവാസവ്യവസ്ഥകളുമാണ് കണ്ടൽക്കാടുകൾ. 2019–ാം മാണ്ടിലെ കണക്കനുസരിച്ച് ലോകത്ത് 15 ദശലക്ഷം ഹെക്ടറാണ് കണ്ടൽക്കാടുകളുടെ വിസ്തൃതി. ഇന്ത്യയിൽ 4662 ചതുരശ്രകിലോമീറ്ററോളമാണ് കണ്ടൽക്കാടുകളുടെ വിസ്തൃതി (ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ). ലോകത്തെ ഏറ്റവും വലിയ കണ്ടൽവനമായ സുന്ദർബൻസ് പശ്ചിമ ബംഗാളിലാണ്. മറ്റു വനങ്ങളേക്കാൾ ധൃതഗതിയിലാണ് കണ്ടൽക്കാടുകൾ ഭൂമുഖത്തുനിന്നും അപ്രത്യക്ഷമാകുന്നത്. കേരളത്തിൽ ഒരു കാലത്ത് 700 ചതുരശ്ര കിലോമീറ്ററായി വ്യാപിച്ചിരുന്ന കണ്ടൽക്കാടുകൾ ഇന്ന് കേവലം 9 ചതുരശ്ര കിലോമീറ്ററിലായി ചുരുങ്ങിയിരിക്കുന്നു (India's State Of Forest Report 2019). കണ്ടൽക്കാടുകളുടെ വിസ്തൃതിയിൽ കണ്ണൂർ, കോഴിക്കോട്, എറണാകുളം ജില്ലകളാണ് മുന്നിൽ.

കേരളത്തിൽ കാണപ്പെടുന്ന കണ്ടൽസസ്യങ്ങളിൽ പ്രധാനം കുറ്റിക്കണ്ടൽ, പൂക്കണ്ടൽ, വള്ളിക്കണ്ടൽ, എഴുത്താണി കണ്ടൽ, ചെറിയ ഉപ്പട്ടി, വലിയ ഉപ്പട്ടി, ഭ്രാന്തൻ കണ്ടൽ, ചുള്ളിക്കണ്ടൽ, കണ്ണാമ്പൊട്ടി എന്നിവയാണ്. കണ്ടൽക്കാടുകളിൽ നിരവധിയിനം ജീവജാലങ്ങൾ കാണപ്പെടുന്നുണ്ട്. സസ്തനികൾ,ഉരഗങ്ങൾ,ഉഭയജീവികൾ,പക്ഷികൾ,തേനീച്ചകൾ,മത്സ്യങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയൊക്കെ കണ്ടൽക്കാടുകളിൽ കഴിയുന്നു. നിരവധി ദേശാടനപ്പക്ഷികൾ, പ്രത്യേകിച്ച് നീർപക്ഷികൾ കണ്ടൽകാടുകളെ അതിഥിഗൃഹങ്ങളാക്കുന്നുണ്ട്.

കേരളത്തിൽ കണ്ടൽക്കാടുകൾക്കുണ്ടായ ശോഷണം വളരെ പ്രകടമാണ്. 700 ചതുരശ്ര കിലോമീറ്ററിലായി വ്യാപിച്ചിരുന്ന കണ്ടൽക്കാട് 9 ചതുരശ്ര കിലോമീറ്ററിലായി ചുരുങ്ങിയതിന് പ്രധാന കാരണം നഗരവൽക്കരണം തന്നെയാണ്. കെട്ടിടങ്ങൾക്കുവേണ്ടി കണ്ടൽ പ്രദേശങ്ങൾ വൻതോതിൽ നികത്തപ്പെട്ടു. ഒപ്പം നഗരവ്യവസായ മാലിന്യങ്ങൾ, കീടനാശിനികൾ എന്നിവ ഈ ആവാസവ്യവസ്ഥകളുടെ നശീകരണത്തിന്റെ ആക്കം കൂട്ടി. ഉപോയോഗശൂന്യമായ പ്രദേശങ്ങളാണെന്ന തെറ്റിദ്ധാരണയോടെയുള്ള വെട്ടിനശിപ്പിക്കൽ, വിറകിനും മറ്റും വേണ്ടിയുള്ള അമിതചൂഷണം, ഡാം നിർമ്മാണം എന്നിവയും കണ്ടലുകളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചു.

## തീരദേശനിയന്ത്രണമേഖല വിജ്ഞാപനം–2019

തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തിന്റെ സുസ്ഥിര വികസനം കൈവരിക്കുന്നതിനും വേണ്ടിയുള്ള ദേശീയ സമീപനത്തിന്റെ ആദ്യപടിയായിട്ടാണ് പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ പരിധിയിലുൾപ്പെടുത്തി കേന്ദ്രസർക്കാർ 1991–ൽ തീരദേശ നിയന്ത്രണമേഖല (സി.ആർ.സെഡ്) വിജ്ഞാപനം നടത്തിയത്. അതനുസരിച്ച് വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ കരയിലേയ്ക്ക് മാറിയും കടലുമായി ബന്ധപ്പെട്ടിരിക്കുന്നതും വേലിയറ്റേയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നതുമായ ജലാശയങ്ങളിൽ വേലിയേറ്റ രേഖമുതൽ കരയുടെ ദിശയിലേയ്ക്ക് 50 മീറ്റർ വരെയുള്ള പ്രദേശത്ത് അല്ലെങ്കിൽ അവയുടെ വീതിക്കു തത്തുല്യമായതോ, ഏതാണ് കുറവ് അത്രയും ദൂരം ഇരു കരകളിലേയ്ക്കുമുള്ള പ്രദേശം തീരദേശ നിയന്ത്രണമേഖലയിലായിരിക്കും.

### സി.ആർ സെഡ്

തീരദേശ മേഖലയും സമുദ്രജല മേഖലയെയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ സി.ആർ സെഡ് പ്രദേശങ്ങളെ തരം തിരിച്ചിട്ടുണ്ട്. തീരദേശ മേഖലയിൽ പൊതുവായി നിരോധിക്കപ്പെട്ട പ്രവർത്തനങ്ങൾ, മൽസ്യ സംസ്ക്കരണശാലകൾ ഉൾപ്പെടെയുള്ള പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുക, മാലിന്യ നിക്ഷേപം, മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക, ഭൂമി നികത്തൽ, തുടങ്ങി പതിമുന്ന് പ്രവൃത്തികൾ തീരദേശ നിയന്ത്രണമേഖലയിൽ പൂർണ്ണമായും നിരോധിച്ചിരിക്കുന്നു. തീരത്തുനിന്നും 500 മീ. വരെയുള്ള ഭാഗത്തുനിന്ന് ഭൂജലം പമ്പ് ചെയ്ത് എടുക്കുന്നതും നിരോധിത പ്രവർത്തനത്തിൽപ്പെടുന്നു. എന്നാൽ വേലിയേറ്റ മേഖലയിൽ നിന്നും 200 മീ. കഴിഞ്ഞ് കുടിവെള്ളത്തിനും, വീട്ടാവശ്യങ്ങൾക്കും മാത്രമായി സാധാരണ കിണറുകളിൽ നിന്നോ, ഹാൻഡ് പമ്പുകൾ ഉപയോഗിച്ചോ നിബന്ധനകൾക്ക് വിധേയമായി ഭൂജലമെടുക്കാവുന്നതാണ്.

### (I) സി. ആർ. സെഡ്. I

**A.** പാരിസ്ഥിതികമായി ദുർബലവും തീരമേഖലയുടെ സുരക്ഷയെ നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതുമായ പ്രദേശങ്ങൾ. സി.ആർ. സെഡ്. IA ഗണത്തിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

**(a)** കണ്ടൽക്കാടുകൾ, കണ്ടൽ മേഖലകൾ ആയിരം ചതുരശ്ര മീറ്ററിൽ അധികം വരുന്നുവെങ്കിൽ അൻപതുമീറ്റർ കരുതൽ മേഖല കൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. (സ്വകാര്യ സ്ഥലങ്ങളിലെ കണ്ടൽ കാടിന് കരുതൽ മേഖലയുടെ ആവശ്യമില്ല). **(b)** പവിഴപ്പുറ്റുകളും അവയുൾപ്പെട്ട പാറക്കൂട്ടങ്ങളും അവയോടനുബന്ധിച്ചുള്ള ജൈവവൈവിധ്യവും. **(c)** മണൽക്കുന്നുകൾ. **(d)** ജൈവപരമായി സചേതനമായ ചേറുപരപ്പുകൾ. **(e)** ദേശീയ പാർക്കുകൾ, സമുദ്രപാർക്കുകൾ, വന്യമൃഗസംരക്ഷണ കേന്ദ്രങ്ങൾ, സംരക്ഷിത വനങ്ങൾ, വന്യജീവി ആവാസ വ്യവസ്ഥകൾ **(f)** ഉപ്പുപാടങ്ങൾ. **(g)** ആമകളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ. **(h)** കുതിരലാടത്തിന്റെ ആകൃതിയിലുള്ള ഞണ്ടുകളുടെ ആവാസ സങ്കേതങ്ങൾ. **(i)** കടൽപ്പായൽത്തിട്ടകൾ. **(j)** പക്ഷികളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ. **(k)** പൗരാണിക പ്രാധാന്യമുള്ള പ്രദേശങ്ങൾ, പൈതൃകസങ്കേതങ്ങൾ എന്നിവ. സി.ആർ. സെഡ്. IB-ൽ വേലിയേറ്റ രേഖയ്ക്കും വേലിയിറക്ക രേഖയ്ക്കുമിടയിലെ പ്രദേശങ്ങൾ ഉൾപ്പെടുന്നു.

### (II) സി. ആർ. സെഡ്. II

തീരരേഖവരെയോ അതിനടുത്ത് വരെയോ വികസിപ്പിച്ചിട്ടുള്ള പ്രദേശങ്ങൾ. ഈ പട്ടികയിൽ 'വികസിത മേഖല' യെന്നാൽ ഉദ്ദേശിക്കുന്നത് മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ നിയമപരമായി നഗരപ്രദേശങ്ങളായി നിർദേശിക്കപ്പെട്ടിട്ടുള്ളതും നല്ലനിലയിൽ രൂപീകരിച്ചിട്ടുള്ളതും അൻപത് ശതമാനമോ അതിൽ അധികമോ പ്രദേശങ്ങൾ വികസനമുള്ളതും, അപ്രോച്ച് റോഡുകൾ, മലിനജല നിർഗമന സംവിധാനങ്ങൾ എന്നിവയും ജലവിതരണം, ഓടകൾ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉള്ള പ്രദേശങ്ങൾ എന്നിവയാണ്.

### (III) സി. ആർ. സെഡ്. III

ഗ്രാമപ്രദേശങ്ങൾ (വികസിതവും/അവികസിതവും), തീര മേഖലകളിലെ മുനിസിപ്പൽ പരിധിയിൽ വരുന്നതും നിയമപ്രകാരം നഗരപ്രദേശമായി നിർദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ കാര്യമായി രീതിയിൽ നിർമാണ പ്രവർത്തനങ്ങൾ നടക്കാത്തതുമായ മേഖലകളും ഇതിലുൾപ്പെടുന്നു.

സി. ആർ. സെഡ്. III പ്രദേശങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു. വികസന രഹിതമേഖലയായും നിയന്ത്രണ വികസനമേഖലയായും.

### വികസനരഹിത മേഖല

സി. ആർ. സൈഡ് III A-ൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് കരയിലേക്ക് 50 മീറ്റർ വരെയും വേലിയേറ്റ സ്വാധീനമുള്ള ജലാശയങ്ങളുടെ വേലിയേറ്റരേഖയിൽ നിന്ന് കരയിലേക്ക് 50 മീറ്റർ വരെയും വികസനരഹിത മേഖലയാണ്. സി. ആർ. സൈഡ് III B-ൽ കടലിന്റെ വേലിയേറ്റരേഖയിൽ നിന്ന് കരയിലേക്ക് 200 മീറ്റർ വരെയും വേലിയേറ്റ സ്വാധീനമുള്ള ജലാശയങ്ങളുടെ വേലിയേറ്റ രേഖയിൽ നിന്ന് കരയിലേക്ക് 50 മീറ്റർവരെയും വികസനരഹിത മേഖലയാണ്.

### (IV) സി. ആർ. സൈഡ് IV

**A.** വേലിയിറക്ക രേഖയിൽ നിന്ന് കടലിലേക്ക് 12 നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ജലപദേശം.

**B.** വേലിയേറ്റ സ്വാധീനത്തിലുൾപ്പെടുന്ന ജലാശയങ്ങളുടെ സമുദ്രവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ജലമുഖം മുതൽ വേലിയിറക്കം അനുഭവപ്പെടുന്നതുവരെയുള്ള മൊത്തം ജലപ്രദേശം ഇതിലുൾപ്പെടുന്നു. തദ്ദേശ ജനസമൂഹങ്ങൾ നടത്തിവരുന്ന മൽസ്യബന്ധനത്തിനും അതിനോടു ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ഒരു തരത്തിലുള്ള നിയന്ത്രണവും ഇല്ല.

### പ്രവർത്തികൾ അനുവദിക്കുന്നതും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം

**സി.ആർ.സെഡ് – II, III** മേഖലയിലെ എല്ലാ വികസന പ്രവർത്തനങ്ങൾക്കും പദ്ധതികൾക്കും സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരം ആവശ്യമാണ്.

തദ്ദേശവാസികളുടെ താമസ ആവശ്യത്തിനായി 300 സ്ക്വയർ മീറ്റർ വിസ്തീർണ്ണം വരെയുള്ള വീടുകൾ നിർമിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്.

സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രധാന ചുമതല മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം തീരദേശമേഖലയുടെ സംരക്ഷണവും തീരമേഖലയുടെ മലിനീകരണവും നിയന്ത്രിക്കുക എന്നുള്ളതാണ്.

**സി.ആർ.സെഡ്– I,IV** മേഖലയിലെ പ്രവർത്തനങ്ങൾക്ക് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്.

### ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി. കൾ)

ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, ജൈവവൈവിധ്യ ചട്ടങ്ങൾ 2004, ചട്ടം 22(1), കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ, 2008 ചട്ടം 20 (1) എന്നിവ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവയുടെ അധികാര പരിധിയിൽ ജൈവവൈവിധ്യ പരിപാലന സമിതികൾ (Biodiversity Management Committees- BMCs) രൂപീകരിക്കേണ്ടതാണ്. ജൈവവൈവിധ്യത്തിന്റെ സംരക്ഷണവും ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗവും പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവയ്ക്കലുമാണ് പ്രധാന ഉത്തരവാദിത്തങ്ങൾ.

### ബി.എം.സി. കൾ – പ്രാദേശിക പരിസ്ഥിതി കാവൽസംഘം

പ്രാദേശിക തലത്തിൽ പരിസ്ഥിതിശോഷണം ഒഴിവാക്കുന്നതിനായി ജൈവവൈവിധ്യ പരിപാലന സമിതികളെ (BMC) ചുമതലപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി വകുപ്പ് 13.05.2013ൽ ഉത്തരവിറക്കി (സ.ഉ.(അച്ചടി)നം.04/13/പരി.). 'പരിസ്ഥിതി കാവൽസംഘം' എന്ന നിലയിൽ ബി.എം.സി.കൾ അതാത് പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള/ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ബന്ധപ്പെട്ട അധികാരികളെ കൃത്യസമയത്ത് അറിയിച്ച് നിയമാനുസൃത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

തീര പ്രദേശങ്ങളിൽ കണ്ടൽക്കാടുകളുടെ (Mangroves) കവചമൊരുക്കുന്നതും, പുഴയോരങ്ങളിലും കായൽത്തീരത്തും മുളങ്കാടുകളും ഹരിത വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതും, ഫലഭൂയിഷ്ഠമായ മറ്റ് വ്യത്യസ്ത തരം വൃക്ഷങ്ങളാൽ സമ്പന്നമാക്കുന്നതും പ്രകൃതിയുടെ സന്തുലനം പരിരക്ഷിക്കാൻ ഉപകരിക്കും. സമുദ്രവും കടലുമുൾപ്പെടെയുള്ള ജലാശയങ്ങൾ ഭക്ഷ്യസുരക്ഷയ്ക്ക് മുതൽക്കൂട്ടാണെന്ന് തിരിച്ചറിഞ്ഞ് അവയുടെ അമിത ചൂഷണവും മലിനീകരണവും ഒഴിവാക്കുകയും വേണം.


**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്**
കൈലാസം, റ്റി.സി. 4/1679–(1), നം. 43,
ബെൽഹെവൻ ഗാർഡൻസ്, കവടിയാർ പി.ഒ.,
തിരുവനന്തപുരം 695003 ഫോൺ: 04712724740
www.keralabiodiversity.org
keralabiodiversity@gmail.com


# തീരദേശ നിയന്ത്രണങ്ങൾ



കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

2020